<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2573 19.03.2015-ൽ മറുപടിക്ക്

<u>മാടായി കുടിവെള്ള പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.ടി.വി.രാജേഷ് : | <u>മറുപടി</u><br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മാടായി ഗ്രാമ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) മാടായി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി വേങ്ങര മൂലക്കടവ്, മാടായി ഫിഷർ മെൻ കോളനി, കടപ്പുറംചാൽച്ചുട്ടാട്, മാടായിപ്പാറ, സുനാമി പുനരധിവാസ പദ്ധതി എന്നീ പദ്ധതികൾ മുഖേന 33 പൊതു ടാപ്പുകൾ വഴിയും 447 ഗാർഹിക കണക്ഷൻ വഴിയും ജലവിതരണം നടത്തിവരുന്നുണ്ട്. മാടായിപ്പാറ സുനാമി പുനരധിവാസ പദ്ധതി പ്രകാരം സുൽത്താൻ തോടിന് കുറുകെ സ്ഥാപിച്ച പ്രധാന ജലവിതരണ പൈപ്പ് തോടിന്റെ ആഴം കൂട്ടുന്നതിനോടനു ബന്ധിച്ച് ഇറിഗേഷൻ വകുപ്പ് നീക്കം ചെയ്തു. ആയതിനാൽ പ്രസ്തുത പൈപ്പ് പുന സ്ഥാപിച്ചാൽ മാത്രമേ പുതിയങ്ങാടി ഭാഗത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ കൂടി ജലവിതരണം സാധ്യമാകുകയുള്ളൂ. ഇതിനായി മൂന്ന് ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ അനുമതി ലഭ്യമാക്കു ന്നതിനു കണ്ണൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) മാടായി ഐ.ടി.ഐയുടെ 5 സെന്റ് സ്ഥലം ലഭ്യമാക്കി അവിടെ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ബി) മാടായി ഐ.ടി.ഐയുടെ 5 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനു വേണ്ടി പ്രസ്തുത സ്ഥലത്തിന്റെ വിവരങ്ങൾ ശേഖരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ